**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4219** **18-07-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിനു കീഴിൽ പുതുതായി തുടങ്ങിയ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാർ വ്യവസായ വകുപ്പിനു കീഴിൽ അഭ്യസ്തവിദ്യരായ എത്രപേർക്ക് തൊഴിൽ നൽകാനായി ലക്ഷ്യമിട്ടിരുന്നു; എത്രപേർക്ക് നൽകാനായി; വിശദാംശം ലഭ്യമാക്കുമോ; | (എ) | മുൻ സർക്കാറിന്റെ കാലത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളിലൂടെ ഓരോ വർഷവും 55,000 പേർക്ക് തൊഴിൽ ലഭ്യമാക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. വ്യവസായ വാണിജ്യ വകുപ്പിലെ എംഐഎസ് സംവിധാനത്തിലെ കണക്കുകൾ പ്രകാരം മുൻ സർക്കാരിന്റെ കാലത്ത് MSME സംരംഭങ്ങളിലൂടെ 2,45,369 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി തുടങ്ങിയ വ്യവസായ സംരംഭങ്ങൾ എത്ര എന്നും ഇതിന്റെ ഭാഗമായി എത്രപേർക്ക് തൊഴിൽ നൽകി എന്നും സംരംഭകർക്ക് നൽകിവരുന്ന സാമ്പത്തികസഹായം ഉൾപ്പെടെ മറ്റു സഹായങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ; | (ബി) | വ്യവസായ വാണിജ്യ വകുപ്പിലെ എംഐഎസ് സംവിധാനത്തിലെ കണക്കുകൾ പ്രകാരം മുൻ സർക്കാരിന്റെ കാലത്ത് 69,138 MSME സംരംഭങ്ങൾ പുതുതായി ആരംഭിക്കുകയും അത് വഴി 6,448.81 കോടി രൂപയുടെ നിക്ഷേപവും 2,45,369 തൊഴിലവസരങ്ങളും സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സൂക്ഷ്മ - ചെറുകിട -ഇടത്തരം മേഖലയിലെ സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി താഴെപ്പറയുന്ന വിവിധ ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.<br><br>1. സംരംഭക സഹായ പദ്ധതി(ESS)<br><br>2.നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി<br><br>3.ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്<br><br>4.പ്രവർത്തന രഹിതമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. സംരംഭങ്ങൾക്കുള്ള പദ്ധതികൾ<br><br>a.Revival and rehabilitation scheme for defunct MSMEs and cashew processing units<br><br>b.The Kerala stressed MSMEs Revival & Rehabilitation Scheme |

| | | | |
|---|---|---|---|
| | | | 5.കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി<br><br>6.സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി<br><br>7.പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)<br><br>8.സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി<br><br>കൂടാതെ വ്യവസായ വാണിജ്യ വകുപ്പ് മുഖേന സംരംഭകർക്ക് താഴെപ്പറയുന്ന സേവനങ്ങളും നൽകിവരുന്നു.<br><br>ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള K-SWIFT സംവിധാനം.<br><br>2019 - ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം 10 കോടി രൂപ വരെ നിക്ഷേപമുള്ളതും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്തതുമായ വ്യവസായങ്ങളെ സംസ്ഥാന നിയമപ്രകാരമുള്ള അനുമതികളിൽനിന്നും 3 വർഷത്തേക്ക് ഒഴിവാക്കുകയും സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു.<br><br>സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും, എം.എസ്.എം.ഇ ക്ലിനിക്കുകളും താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ്പേഴ്സനെ നിയമിച്ചുകൊണ്ടുള്ള ഫെസിലിറ്റേഷൻ സെന്ററുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതികൾ നടത്തിപ്പിനായി 1153 ഇന്റേണുകളെ നിയമിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സിയുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>ജില്ലാ സംസ്ഥാന തലങ്ങളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനവും നിലവിൽ വന്നിട്ടുണ്ട്. |
| (സി) | സഹായങ്ങൾ നേടിയെടുത്തശേഷം സർക്കാർ നിർദ്ദേശപ്രകാരമുള്ള തൊഴിലവസരങ്ങൾ ലഭ്യമാക്കാത്തതും സംരംഭങ്ങൾ യഥാവിധി തുടങ്ങാത്തതുമായ | (സി) | ഉണ്ട്. വിവിധ ജില്ലാവ്യവസായ കേന്ദ്രങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ടി സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു. |

സ്ഥാപനങ്ങൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 1.കേരള ട്രെഡീഷണൽ ഫുഡ് പ്രോസസ്സിംഗ് & ഡിസ്ട്രിബ്യൂഷൻ ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, ആറ്റിങ്ങൽ<br>2.അമ്പാടി ഫുഡ്സ്, മലയിൻകീഴ്<br>3.നവരത്ന കിച്ചൻസ്, മടവന്മൂല അണ്ടൂർക്കോണം |
| 2 | കൊല്ലം | ഇല്ല |
| 3 | പത്തനംതിട്ട | ഇല്ല |
| 4 | ആലപ്പുഴ | ഇല്ല |
| 5 | കോട്ടയം | 1. അവർ ചപ്പാത്തി, പൂഞ്ഞാർ പി.ഒ, കോട്ടയം |
| 6 | എറണാകുളം | ഇല്ല |
| 7 | ഇടുക്കി | 1. ദേവികുളം താലൂക്കിൽ തിരുവോണം ഇൻസ്ട്രീസ്, മുതുവാൻകുടി |
| | | ഉടുമ്പൻചോല താലൂക്കിൽ ശ്രീ. പ്രവീൺകുമാർ റ്റി.പി, പുതുപ്പറമ്പിൽ വീട്, പുളിയന്മല |
| 8 | തൃശ്ശൂർ | ഇല്ല |
| 9 | പാലക്കാട് | 1. മെ. മെഗാ പേപ്പർ ഉൽപ്പന്നങ്ങൾ 14/492, തലക്കശ്ശേരി, പട്ടിത്തറ, പാലക്കാട് |
| | | 2. മെ. ന്യൂ സ്റ്റാർ ഇൻഡസ്ട്രീസ്, VII/56-എ ഞാങ്ങാട്ടിരി, പട്ടാമ്പി, തൃത്താല |
| | | 3. എം./എസ് ശാസ്താ എന്റർപ്രൈസസ് 6/1876, പടിപ്പുരക്കൽ ആർക്കേഡ്, എ.കെ.ജി റോഡ്, ചെർപ്പുളശ്ശേരി |
| | | 4. മെ. അൽ ഹുദാ സർവീസെസ്, 7/370-4, തെരുവകത്ത്, ദാറുലമൺ, ഒറ്റപ്പാലം - 679101 |
| | | 5. മെ. ഭാരത് പേപ്പർ, 14/13എ, കോട്ടപ്പുറം, ശ്രീകൃഷ്ണപുരം |
| 10 | മലപ്പുറം | ഇല്ല |
| 11 | കോഴിക്കോട് | ഇല്ല |
| | | |

| | | | |
|---|---|---|---|
| | | | 12 \| വയനാട് \| ഇല്ല<br>13 \| കണ്ണൂർ \| ഇല്ല<br>14 \| കാസർകോഡ് \| ഇല്ല |
| (ഡി) | ഈ സർക്കാർ കാലയളവിൽ സർക്കാർ നടപടികളിലൂടെ തുടങ്ങിയ സംരംഭങ്ങളും നൽകാനായ തൊഴിലവസരങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഈ സർക്കാർ കാലയളവിൽ സംരംഭ വികസനത്തിനായി നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളിലൂടെയും സംരംഭക വർഷം പദ്ധതിയിലൂടെയും നാളിതുവരെ 52,639 സംരംഭങ്ങൾ MSME മേഖലയിൽ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 3,930 കോടി രൂപയുടെ നിക്ഷേപവും 1,36,354 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് |

സെക്ഷൻ ഓഫീസർ